**തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം**
**ടൗൺപ്ലാനറുടെ നടപടിക്രമങ്ങൾ**

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം,തിരുവനന്തപുരം - കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത്, ആനാവൂർ വില്ലേജിൽ പെട്രോൾ പമ്പ് നിർമ്മിക്കുന്ന തിന് കെട്ടിടത്തിൻറെ ലേ ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം 1. കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24.01.2022 ലെ എ 1/3397/20 നമ്പർ കത്ത്

2. ശ്രീ. സന്തോഷ്കുമാർ 07.03.2022 ൽ സമർപ്പിച്ച അപേക്ഷ

3 റവന്യൂ വകുപ്പിൻറെ RDOTVM/761/2019 - I2 നമ്പർ ഉത്തരവ്

**<u>ഉത്തരവ് നമ്പർ TCPTVM/199/2022-D തീയതി 10/05/2022</u>**

കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിൽ ആനാവൂർ വില്ലേജിൽ റീസർവ്വേ നമ്പർ 248/45 ൽപ്പെട്ട 10 ആർ സ്ഥലത്ത് 243 ച.മി ബിൽറ്റപ് ഏരിയയുള്ള പെട്രോൾ പമ്പ് നിർമ്മാണത്തിൻറെ ലേ-ഔട്ട് അപ്രൂവലി നായി ശ്രീ.സന്തോഷ്കുമാർ സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. നിർമ്മാണം KPBR-2019 നും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമാക്കേണ്ടതാണ്.
2. നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ, ഉടമസ്ഥത, അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
3. അപേക്ഷകന്റെ ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിച്ചു കൊണ്ട് റവന്യൂ വകുപ്പ് പുറപ്പെടുവിച്ച RDOTVM/761/2019 - I2 ഉത്തരവിലുള്ള നിബന്ധനകൾ പ്രകാരമുള്ള നിർമ്മാണ പ്രവർത്തങ്ങളാണ് നടത്തുന്നതെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
4. പ്രസ്തുത സ്ഥലത്തു മറ്റു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
5. 2008 ലെ നെൽവയൽ തണ്ണീർത്തട നിയമം / അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.
6. സ്വാഭാവിക ജല നിർഗമന മാർഗ്ഗങ്ങൾ അടഞ്ഞു പോകാതെ , നിർദ്ദിഷ്ട ലേ-ഔട്ടിൽ ഡ്രൈയിനേജിനുള്ള സൗകര്യം നൽകേണ്ടതാണ്. പ്രസ്തുത ലേ-ഔട്ടിൽ നിന്നുള്ള ഡ്രൈയിനേജ് (മഴവെള്ളം/മലിനജലം) പരിസരവാസികൾക്ക് ദോഷമുണ്ടാകാതിരിക്കാനുള്ള സൗകര്യങ്ങൾ നൽകേണ്ടതാണ്. കൂടാതെ KPBR 2019 ചട്ടം 26(8) പ്രകാരം തുറസ്സായ സ്ഥലത്തിന്റെ 50% കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ്.
7. കെ. പി. ബി. ആർ 2019 ചട്ടം 47(1) പ്രകാരം പെട്രോൾ ടാങ്കിന്റെയും vent pipe

ന്റെയും സ്ഥാനവും നിർമ്മാണവും 2002 ലെ പെട്രോളിയം ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുശാസിക്കും പ്രകാരമാണെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

8. KPBR 2019 ചട്ടം 79 ന്റെ അനുസൃതമായ മാലിന്യ നിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
9. നിർദിഷ്ട നിർമ്മാണം Pollution control board, Fire and Rescue service, District Collector എന്നിവരിൽ നിന്നും ലഭ്യമായിരുന്ന No Objection Certificate ലെ നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
10. നിർദ്ദിഷ്ട നിർമ്മാണം മൂലം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിൻറെ / സമീപ പ്ലോട്ടിലുള്ള കെട്ടിടത്തിൻറെ സുരക്ഷയെ ബാധിക്കുന്നില്ല എന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ് .
11. KPBR 2019 ചട്ടം 76(3) പ്രകാരം നിർദ്ദിഷ്ട യൂണിറ്റിനു ചുറ്റും അനുയോജ്യമായ മരങ്ങൾ നടേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**18 /2021 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാൻ (ഒരു സെറ്റ്) ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.**

**ANJU W.C**
**DEPUTY TOWN PLANNER**
**TOWN PLANNER (i/c)**

ഉള്ളടക്കം: മേൽപ്രസ്താവിതം

സെക്രട്ടറി,
കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത്

പകർപ്പ്: (അറിവിലേയ്ക്കായി)

ശ്രീ സന്തോഷ് കുമാർ
ആനന്ദമന്ദിരം
ആനാവൂർ പി.ഒ

2)കരുതൽ ഫയൽ

3)ഫയൽ